(ബി) കിളിമാന്നൂർ ഗ്രാമപഞ്ചായത്തിലെ

(1) വട്ടക്കൈത പട്ടികജാതി കോളനി കടിവെള്ള പദ്ധതി

(2) മാവുവിള കോളനി കടിവെള്ള പദ്ധതി

(3) മുണ്ടപ്പള്ളിക്കോണം കോളനി കടിവെള്ള പദ്ധതി

(4) കണ്ണയംകോട് കോളനി കടിവെള്ള പദ്ധതി

(5) കർക്കിടകകോണം കോളനി കടിവെള്ള പദ്ധതി

(6) കായാട്ടുക്കോണം കോളനി കടിവെള്ള പദ്ധതി

(7) കിള്ളിക്കോട്ടുകോണം കോളനി കടിവെള്ള പദ്ധതി എന്നീ പദ്ധതികളാണ് ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ വാട്ടർ അതോറിറ്റി പൂർത്തീകരിക്കാനുള്ളത്.

(സി) പ്രസ്തുത കടിവെള്ള പദ്ധതികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു.

നരിക്കുഴി പട്ടികജാതി കോളനിയിലെ നവീകരണപ്രവർത്തനങ്ങൾ

308(2777) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരം നിയോജക മണ്ഡലത്തിലെ നരിക്കുഴി പട്ടിക ജാതി കോളനിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ എത്ര തുക ഇതിനോടകം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾക്കായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(സി) നിർമ്മാണ പ്രവർത്തനങ്ങളിൽ എന്തെങ്കിലും ക്രമക്കേടോ അഴിമതിയോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് സ്ഥലം എം.എൽ.എ.-യുടേതുൾപ്പെടെ ഏതെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉപഭോക്താക്കളുടെ പരാതികളും ആവലാതികളും പരിശോധിക്കുന്നതിന് വകുപ്പിൽ നിന്നും ഒരു ഉന്നത ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുമോ; നടപടികൾ പൂർത്തിയാക്കി എത്ര മാസത്തിനകം നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പത്തനാപുരം നിയോജക മണ്ഡലത്തിലെ നരിക്കുഴി പട്ടികജാതി കോളനിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 65 ലക്ഷം രൂപ ടി കോളനികളുടെ വികസന പ്രവർത്തനങ്ങൾക്കായി ബന്ധപ്പെട്ട നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടുണ്ട്. ടാക്സ് ഉൾപ്പെടെ 69,00,654 രൂപ ചെലവഴിച്ചതായി ഏജൻസി അറിയിച്ചിട്ടുണ്ട്.

(ബി) ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് - ആലുവ

(സി) നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പരാതികളൊന്നും തന്നെ ലഭിച്ചിട്ടില്ല.

(ഡി) വകുപ്പ് തലത്തിൽ പരാതികൾ അന്വേഷിക്കുന്നതിനായി ജോയിന്റ് ഡയറക്ടർ (വിജിലൻസ്) എന്ന ഉദ്യോഗസ്ഥൻ നിലവിലുണ്ട്. 2016 മാർച്ച് മാസം പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ധർമ്മടം നിയോജകമണ്ഡലത്തിലെ ടൂറിസം പ്രവൃത്തികൾ

309(2778) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ കീഴിൽ ധർമ്മടം നിയോജക മണ്ഡലത്തിൽ എന്തൊക്കെ പ്രവൃത്തികളാണ് നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ പൂർത്തിയാക്കിയ പ്രവൃത്തികൾ ഏതൊക്കെ എന്നും പൂർത്തിയാക്കാത്ത പ്രവൃത്തികൾ ഏതൊക്കെ എന്നും പ്രത്യേകം വിശദമാക്കാമോ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly